**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1733** **12-09-2023 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി വ്യാപനത്തിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ കൃഷിരീതികൾക്കൊപ്പവും ജൈവകൃഷി രീതികളിലൂടെയും ഭക്ഷ്യയോഗ്യവും സുരക്ഷിതവുമായ ഭക്ഷ്യ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കൃഷി രീതികൾക്കൊപ്പം ഭക്ഷ്യയോഗ്യവും സുരക്ഷിതവും സമീകൃതവുമായ ഭക്ഷ്യ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'പോഷക സമൃദ്ധി മിഷൻ' പ്രഖ്യാപിച്ചിട്ടുണ്ട്. 3 വർഷം നീളുന്നതും ക്യാമ്പയിൻ രീതിയിലുള്ളതുമായ ഈ മിഷൻ കാർഷിക ആവാസ പ്രദേശങ്ങളിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ ക്ഷേമം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാർ പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ ജൈവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നുണ്ട്. അങ്ങനെ ഉല്പാദിപ്പിക്കുന്ന വിഷരഹിത ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡും ലോഗോയും ആവിഷ്കിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന കർഷകരുടെ ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനായി പദ്ധതിയിൻ കീഴിൽ 286 ഇക്കോഷോപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ലോഗോയും ബ്രാൻഡും ഉപയോഗിച്ച് ഇക്കോഷോപ്പുകൾ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മറ്റ് വിപണികൾ എന്നിവ വഴി ഉല്പന്നങ്ങൾ വിൽപന നടത്തി വരുന്നു. ജൈവകൃഷി, പ്രകൃതി കൃഷി എന്നിവയുടെ വിപുലീകരണത്തിനായി ജൈവകൃഷി മിഷൻഉടൻ പ്രവർത്തനം ആരംഭിക്കും.<br><br>ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് |

| | | | |
|---|---|---|---|
| | | | കൈമാറ്റം ചെയ്യുന്നതിനും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകി വരുന്നു. ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പും (FIG 1) മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പും (FIG 2) പ്രവർത്തിച്ച് വരുന്നു.<br><br>ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി" യുടെ ഭാഗമായി 2463.2 ഹെക്ടർ സ്ഥലത്ത് 2022-23 വർഷം ജൈവകൃഷി നടപ്പിലാക്കി. 2023-24 സാമ്പത്തിക വർഷം 600 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഭാരതീയ പ്രകൃതി കൃഷി പദ്ധതി, പരമ്പരാഗത കൃഷി വികാസ് യോജന, ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി എന്നിവ അനുസരിച്ച് ജൈവകൃഷി വ്യാപനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | ഭാരതീയ പ്രകൃതി കൃഷി പദ്ധതി, പരമ്പരാഗത കൃഷി വികാസ് യോജന, ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി എന്നീ പദ്ധതികൾ വഴി ജൈവ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിച്ച് വരുന്നു.പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു;<br><br>2020-21 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി പ്രകാരം 82000 ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിനു കർഷകർക്ക് പ്രോത്സാഹന പരിശീലന പരിപാടികൾ ലക്ഷ്യമിട്ടിരുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്റിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്റുകൾ വഴിയാണ് ടി പരിശീലന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റററിന്ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വിതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതി പ്രകാരം ഓരോ ക്ലസ്റ്റിനും ലഭിക്കുന്നു. ടി പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ബോധവൽക്കരണ പരിപാടികൾ, ഫീൽഡ് സന്ദർശനം, പരിശീലനം എന്നിവ നൽകുന്നു. ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് നൽകുകയും, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുകയും ചെയ്യും. ഇതിനായി ഒരു ക്ലസ്റ്റിറിൽ 2 ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കും. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് |

| | | | |
|---|---|---|---|
| | | | പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം 2369 കർഷക പരിശീലനങ്ങളും 93 ഫീൽഡ് സന്ദർശന യാത്രകളും നടത്തുകയും 15523 എണ്ണം മാതൃകാ കർഷക പ്രദർശന തോട്ടങ്ങൾ, 1718 ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകരുടെ ജൈവ ഉല്പന്നങ്ങൾക്ക് ആദ്യ വർഷം (പരിവർത്തന കാലം) പിജിഎസ് ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റും പദ്ധതി മാനദണ്ഡം പാലിച്ച് മൂന്ന് വർഷം പൂർത്തിയാകുമ്പോൾ പിജിഎസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റുമാണ് നൽകുന്നത്.<br><br>ജൈവ കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 2015-16, സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകരുടെ ജൈവല്പന്നങ്ങൾക്ക് ആദ്യ വർഷം (പരിവർത്തന കാലം) പിജിഎസ് ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റും പദ്ധതി മാനദണ്ഡം പാലിച്ച് മൂന്ന് വർഷം പൂർത്തിയാകുമ്പോൾ പിജിഎസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കററുമാണ് നൽകുന്നത്. അപ്രകാരം 5321 പിജിഎസ് ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റ് കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>2022-23 വർഷം 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായി ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' എന്ന പദ്ധതി നടപ്പിലാക്കുകയും 2463.2 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിക്കുകയും ചെയ്തു. പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾക്കായി 386.97 ലക്ഷം ചെലവഴിച്ചു. VFPCK മുഖേന ജൈവ പഴങ്ങളുടേയും പച്ചക്കറികളുടേയും ഉത്പാദനത്തിനും സർട്ടിഫിക്കേഷനുമായി 63.50 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ